ഭരണഭാഷ മാതൃഭാഷ

എൻ.എം.(ബി)1/49506/18/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 20-09-2018

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും,
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ,

**വിഷയം:-** പൊതു വിദ്യാഭ്യാസം- ഉച്ചഭക്ഷണ പദ്ധതി - സ്കൂൾ ഉച്ചഭക്ഷണത്തിന് വെളിച്ചെണ്ണ ഉപയോഗിക്കുന്നത് - സംബന്ധിച്ച്.

**സൂചന:-** 26-07-2018 ലെ കേര ഫെഡ് മാനേജിംഗ് ഡയറക്ടറുടെ കത്ത്.

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്ത് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ പാചകത്തിന് ഉപയോഗിക്കുന്ന വെളിച്ചെണ്ണ പല സ്കൂളുകളിലും വിലകുറഞ്ഞതും മായം കലർന്നതുമായ ബ്രാന്റുകളുടെ വെളിച്ചെണ്ണ ഉപയോഗിക്കുന്നതായും ഇതുമൂലം കുട്ടികൾക്ക് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ സർക്കാർ സ്ഥാപനമായ കേരഫെഡിന്റെ വെളിച്ചെണ്ണ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്ന് സൂചന കത്ത് പ്രകാരം കേരാഫെഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ പാചകത്തിന് വെളിച്ചെണ്ണ ഉപയോഗിക്കുമ്പോൾ കഴിവതും സർക്കാർ ഏജൻസികൾ ഉൽപാദിപ്പിക്കുന്ന മായം കലരാത്ത ബ്രാൻഡഡ് വെളിച്ചെണ്ണ ഉപയോഗിക്കണമെന്ന് അറിയിക്കുന്നു. ഇത് സംബന്ധിച്ച നിർദ്ദേശം എല്ലാ ഹെഡ്മാസ്റ്റർമാർക്കും നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

സി.പി. പത്മരാജ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺമീൽ)
ഇൻചാർജ്ജ്

s.s